തൃശൂർ	:	ശ്രീരാമ പോളിടെക്നിക്, തൃപ്രയാർ
പാലക്കാട്	:	ഗവ. പോളിടെക്നിക്, പാലക്കാട്
മലപ്പുറം	:	എസ്.എസ്.എം. പോളിടെക്നിക്, തിരൂർ
കോഴിക്കോട്	:	ഗവ. പോളിടെക്നിക്, കോഴിക്കോട്
കണ്ണൂർ	:	ഗവ. പോളിടെക്നിക്, കണ്ണൂർ
കാസർഗോഡ്	:	ഗവ. പോളിടെക്നിക് കാസർഗോഡ്

തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുക, എല്ലാ സെന്ററുകളിലും വച്ച് സ്കൂൾ അദ്ധ്യാപകർക്കുള്ള പരിശീലനം നൽകുക, പരിശീലനത്തിന് ആവശ്യമായ സോഫ്റ്റ്വെയറുകൾ നൽകുക, പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കോഴ്സ് മെറ്റീരിയൽസ് നൽകുക എന്നിവയായിരുന്നു ഈ ട്രെയിനിംഗിൽ മൈക്രോസോഫ്റ്റിന്റെ പങ്ക്.

(സി) ഈ പരിപാടിയുമായി ബന്ധപ്പെട്ട് ആരേയും വിദേശ പരിശീലനത്തിന് അയച്ചിട്ടില്ല.

(ഡി) ഈ പരിശീലന പരിപാടി തികച്ചും സൗജന്യമായിരുന്നു.

(ഇ) മൈക്രോ സോഫ്റ്റിന്റെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായിട്ടാണ് "ഐ.റ്റി. എംപവർമെന്റ് ത്രൂ ടീച്ചേഴ്സ്" എന്ന പരിപാടി വിഭാവനം ചെയ്തത്. പ്രസ്തുത പരിപാടിയിൽ കേരള സർക്കാർ സഹകരിക്കുകയായിരുന്നു.

(എഫ്) തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുക, തെരഞ്ഞെടുത്ത സെന്ററുകളിൽ വച്ച് സ്കൂൾ അദ്ധ്യാപകർക്കുള്ള പരിശീലനം നൽകുക, പരിശീലനത്തിനാവശ്യമായ സോഫ്റ്റ്വെയർ നൽകുക, പങ്കെടുത്തവർക്കുള്ള കോഴ്സ് മെറ്റീരിയലുകൾ നൽകുക എന്നീ സൗകര്യങ്ങളാണ് മൈക്രോസോഫ്റ്റ് ഏർപ്പെടുത്തിയത്.

(ജി) തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലെ കമ്പ്യൂട്ടർ സൗകര്യം പരിശീലനത്തിന് ഉപയുക്തമാക്കി. പ്രസ്തുത പോളിടെക്നിക്കുകളിൽകൂടിയുള്ള കമ്പ്യൂട്ടർ പരിശീലനം ഒരാഴ്ചവീതം ദൈർഘ്യമുള്ളതായിരുന്നു.

39 (1253) സ്കൂളിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോ സ്കൂളിനും എത്ര കമ്പ്യൂട്ടർ വീതം ഉണ്ട്; ഇതിൽ കേടായിക്കിടക്കുന്ന കമ്പ്യൂട്ടർ എത്ര; വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) കേടാകുന്ന കമ്പ്യൂട്ടർ നന്നാക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) കമ്പ്യൂട്ടർ പഠനത്തിന് പ്രത്യേക പീരിയഡുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 519 ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്കൂളിലും 3 മുതൽ 5 വരെ കമ്പ്യൂട്ടറുകളും ഒരു പ്രിന്ററുമാണ് നൽകിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ ഒന്നും കേടായി കിടപ്പുള്ളതായി റിപ്പോർട്ടു ചെയ്തിട്ടില്ല. കമ്പ്യൂട്ടറുകൾ സ്ഥാപിച്ച സ്കൂളുകളുടെ വിദ്യാഭ്യാസജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) കേടാകുന്ന കമ്പ്യൂട്ടർ നന്നാക്കുന്നതിന് വാർഷിക പരിചരണ കരാർ (എ.എം.സി.) വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഈ കരാർ അനുസരിച്ച് കേടാകുന്ന കമ്പ്യൂട്ടറുകളെ സംബന്ധിച്ച വിവരം സ്കൂൾ അധികൃതർ കമ്പനിയെ അറിയിക്കുന്ന മുറയ്ക്ക് നന്നാക്കി നൽകിവരുന്നു.

(സി) കമ്പ്യൂട്ടർ പഠനത്തിനായി പ്രത്യേക പീരിയഡുകൾ അനുവദിച്ചിട്ടില്ല. റെഗുലർ ക്ലാസ്സുകൾ നഷ്ടപ്പെടാത്ത രീതിയിൽ സോഷ്യലി യൂസ്ഫുൾ പ്രൊഡക്ടീവ് വർക്ക് (എസ്.യു.പി.ഡബ്ല്യു.)ന് അനുവദിച്ച പീരിയഡുകളിലും, ശനിയാഴ്ചകളിലുമാണ് സിലബസ് പ്രകാരം കമ്പ്യൂട്ടർ പഠനം കുട്ടികൾക്കായി സംവിധാനം ചെയ്തിരിക്കുന്നത്.

40 (1254) ഐ.ഐ.ടി. മാതൃകയിൽ സ്ഥാപനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ഐ.ടി. മാതൃകയിൽ ഏതെങ്കിലും സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പുരോഗതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിന് കേന്ദ്രത്തിന്റെ എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി)മതൽ(എഫ്)വരെ ചോദ്യം ഉദിക്കുന്നില്ല.

41 (1255) സാൻമാർഗ്ഗിക മൂല്യങ്ങൾ വളർത്തുന്നതിനുള്ള പാഠങ്ങൾ

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
1093/2010.

LIBRARY ARCHIVES Kerala Legislative Assembly